# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| സെപ്റ്റംബർ 14<br>September 14 | 2019 |
|---|---|

***1193 ചിങ്ങം*** 29 ശനി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജാഗ്രത പുലർത്തണം**

ആറന്മുള ഉതൃട്ടാതി ജലോത്സവ ദിനത്തിൽ പമ്പാ നദിയിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ശനിയാഴ്ച(14 ) വൈകിട്ട് അഞ്ചു മുതൽ മൂഴിയാർ, കക്കാട് ജലവൈദ്യുത നിലയങ്ങളിൽ വൈദ്യുത ഉത്പാദനം പൂർണ തോതിൽ നടത്തും. ഇന്ന് (15) പുലർച്ചെ ഒന്നു മുതൽ അള്ളുങ്കൽ ജലവൈദ്യുത നിലയത്തിൽ വൈദ്യുത ഉത്പാദനം പൂർണ തോതിൽ നടത്തും. ഇന്ന് (15) പുലർച്ചെ മൂന്നു മുതൽ കാരിക്കയം ജലവൈദ്യുത നിലയത്തിൽ വൈദ്യുത ഉത്പാദനം പൂർണ തോതിൽ നടത്തുകയും 90 ക്യൂമെക്സ് ജലം തുറന്നുവിടുകയും ചെയ്യും. ഇന്നു(15)പുലർച്ചെ നാലു മുതൽ ഉച്ചയ്ക്ക് 12 വരെ മണിയാർ ബാരേജിൽ നിന്നും 130 ക്യൂമെക്സ് ജലം തുറന്നുവിടും.

ഇതേ തുടർന്ന് കക്കാട്ടാറിലും പമ്പാ നദിയിലും ഒരു മീറ്റർ വരെ ജലനിരപ്പ് ഉയരും. കക്കാട്ടാറിന്റെയും പമ്പാ നദിയുടെയും തീരത്ത് വസിക്കുന്നവരും പൊതുജനങ്ങളും പള്ളിയോടങ്ങളിലെ കരനാഥന്മാരും ക്യാപ്റ്റന്മാരും ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തണമെന്ന് പത്തനംതിട്ട ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ കളക്ടറുമായ പി ബി നൂഹ് അറിയിച്ചു. (പിഎൻപി 2539/19)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 14<br>September 14 | 2019 |
|---|---|

***1193 ചിങ്ങം*** 29 ശനി

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലാതല ഓണാഘോഷം സമാപിച്ചു**

**ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കാൻ ഓണാഘോഷം വഴിയൊരുക്കുന്നു: ചിറ്റയം ഗോപകുമാർ എംഎൽഎ**

ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കാൻ ഓണാഘോഷം വഴിയൊരുക്കുന്നതായി ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, ഡിടിപിസി എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജില്ലാതല ഓണാഘോഷത്തിന്റെ സമാപന സമ്മേളനം അടൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു എംഎൽഎ.

ഓണം നന്മയുടെയും സന്തോഷത്തിന്റെയും പങ്കുവയ്ക്കലിന്റെയും ആഘോഷമാണ്. ഓണത്തിന്റെ പശ്ചാത്തലത്തിൽ നമ്മൾ പരസ്പരം സ്നേഹിക്കുന്നുേ ായെന്ന് ആത്മപരിശോധന നടത്തണം. കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേരുന്ന സന്ദർഭമാണ് ഓണം. മനുഷ്യന് നന്മ ചെയ്യാൻ നമ്മുടെ മനസുകളെ മാറ്റിയെടുക്കാൻ ഓണം സഹായിക്കും. ലോകത്ത് മലയാളികൾ ഉള്ള സ്ഥലങ്ങളിലെല്ലാം ഓണം ആഘോഷിക്കുന്നു ്.

ഓണം ആഘോഷിക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും സർക്കാർ ഒരുക്കി. കാർഷിക ഉത്പന്നങ്ങൾക്ക് വിപണി ഒരുക്കുകയും ന്യായ വിലയ്ക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. പെൻഷനുകൾ ഓണത്തിനു മുൻപായി ഗുണഭോക്താക്കളുടെ കൈകളിൽ എത്തിച്ചു. പ്രളയത്തെ അതിജീവിച്ച് ഓണം ആഘോഷിക്കാൻ ജനങ്ങളെ പ്രാപ്തരാക്കാൻ സർക്കാരിനു കഴിഞ്ഞെന്നും എംഎൽഎ പറഞ്ഞു.

അടൂർ നഗരസഭ ചെയർപേഴ്സൺ ഷൈനി ബോബി അധ്യക്ഷത വഹിച്ച യോഗത്തിൽ അടൂർ ആർഡിഒ പി.ടി. ഏബ്രഹാം, ഡിടിപിസി എക്സിക്യുട്ടീവ്കമ്മിറ്റി അംഗങ്ങളായ പി.ബി. ഹർഷകുമാർ, മനോജ് ചരളേൽ, സലിം, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എ.പി. ജയൻ, റ്റി.ഡി. ബൈജു, ഡി. സജി, ഏഴംകുളം അജു, അടൂർ നരേന്ദ്രൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ. വിധു, ടൂറിസം വകുപ്പ് ഡെപ്യുട്ടി ഡയറക്ടർ എം. ഹുസൈൻ തുടങ്ങിയവർ പ്രസംഗിച്ചു.

സമാപന സമ്മേളനത്തിനു മുന്നോടിയായി അടൂർ നഗരത്തിലൂടെ സെൻട്രൽ ജംഗ്ഷനിലേക്ക് വർണാഭമായ സമാപന ഘോഷയാത്ര നടന്നു. ശിങ്കാരിമേളം, മഹാബലി, എന്നിവയ്ക്കു പുറമേ കുടുംബശ്രീയിലെ കലാകാരന്മാർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും സമാപന ഘോഷയാത്രയെ ആകർഷകമാക്കി. തുടർന്ന് ആനയടി പ്രസാദ് സംഗീത കച്ചേരി അവതരിപ്പിച്ചു. രാത്രി കൊച്ചിൻ കലാഭവൻ ഗാനമേളയും മിമിക്സ് പരേഡും അവതരിപ്പിച്ചു. (പിഎൻപി 2541/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, ഡിടിപിസി എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജില്ലാതല ഓണാഘോഷത്തിന്റെ സമാപന സമ്മേളനം അടൂരിൽ ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

2) ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, ഡിടിപിസി എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജില്ലാതല ഓണാഘോഷത്തിന്റെ സമാപന സമ്മേളനം അടൂരിൽ ഉദ്ഘാടനം ചെയ്ത് ചിറ്റയം ഗോപകുമാർ എംഎൽഎ പ്രസംഗിക്കുന്നു.

3) ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, ഡിടിപിസി എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജില്ലാതല ഓണാഘോഷത്തിന്റെ സമാപന സമ്മേളനത്തോട് അനുബന്ധിച്ച് അടൂരിൽ നടത്തിയ ഘോഷയാത്ര.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.